# മാവേലിക്കരഅക്കാദമിക്ക് മാസ്റ്റർപ്ലാൻ 2025-26

## ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂൾ

## മാവേലിക്കര

# ഉള്ളടക്കം

1. ലക്ഷ്യങ്ങൾ

2. വിദ്യാലയ ചരിത്രം

3. വിദ്യാലയം മികവിൻറെ കേന്ദ്രം-കാഴ്ചപ്പാട്

4. പദ്ധതി രൂപീകരണ പ്രക്രിയ

5. അവസ്ഥാവിശകലനം

6. പ്രശ്നങ്ങൾ വെല്ലുവിളികൾ

7. മികവിനായി ഏറ്റെടുക്കേണ്ടപ്രവർത്തനങ്ങൾ

# അക്കാദമികം

മലയാളം (എച്ച്. എസ്സ്

ഇംഗ്ലീഷ് (എച്ച്. എസ്സ്.)

ഹിന്ദി (എച്ച്. എസ്സ്.)

അടിസ്ഥാനശാസ്ത്രം (എച്ച്. എസ്സ്.)
ഐ. ടി. പരിശീലന പരിപാടി

കലാ-സാംസ്ക്കാരികം

ഭക്ഷണം ശുചിത്വം ആരോഗ്യം

സോഷ്യൽ സയൻസ്

## ലക്ഷ്യങ്ങൾ

ഒരു വ്യക്തിയുടെ സമ്പൂർണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം .സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും അനുസരിച്ച് പൊതുവിദ്യാലയങ്ങളെ മാറ്റിയെടുക്കുക വിപുലമായ ലക്ഷ്യത്തോടെ യാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പാക്കുന്നത് കുട്ടികളുടെ സർവ്വതോന്മുഖമായ വികസനത്തോടൊപ്പം അന്താരാഷ്ട്ര നിലവാരത്തിലേക്ക് പൊതുവിദ്യാലയങ്ങളെ മാറ്റാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ലക്ഷ്യമിടുന്നു. 2005-ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ നിർദ്ദേശങ്ങളും 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളിലും ഊന്നി നിന്നുകൊണ്ട് ആണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണയിച്ചിട്ടുള്ളത്.

മുഴുവൻ കുട്ടികൾക്കും അറിവിന്റെ പഠനഅവസരം ലഭ്യമാക്കും. ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനഅവസരം ലഭ്യമാക്കും

ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ് മുറികളും ഹൈടെക്ക് ആക്കും.
അന്താരാഷ്ട്ര നിലവാരത്തിൽ എത്താൻ ഓരോ കുട്ടിയും ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്നും ഉറപ്പുവരുത്തും

കുട്ടികളുടെ മാനസിക സംഘർഷത്തിനും പിരിമുറുക്കത്തിനും അയവുവരുത്താനുള്ള കൗൺസിലിംഗ്

യോഗ സൗകര്യം ഏർപ്പെടുത്തും

സ്‌ക്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയഇടപെടലുകൾ ഉറപ്പാക്കും

ഐസിടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും .

കലാകായിക പ്രവർത്തിപരിചയം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും

. ഉന്നത നിലവാരത്തിലുള്ള അദ്ധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾആസൂത്രണം ചെയ്യും

വായനാ സംസ്ക്കാരം പ്രോത്സാഹിപ്പിക്കും. സ്‌ക്കൂൾ ഗ്രന്ഥാലയം ആധുനികവത്കരിക്കും. ഇതിന്റെ ഭാ

ഗമായി ഡിജിറ്റൽ ലൈബ്രറി ക്രമീകരിക്കും.

സ്‌ക്കൂൾ ലബോറട്ടറികൾ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും. ഒരേ സമയം നിശ്ചി

ത ക്ലാസിലെ എല്ലാ വിദ്യാർത്ഥികൾക്കും പരീക്ഷണങ്ങളിൽ ഏർപ്പെടാൻ പാകത്തിൽ സ്ഥലസൗകര്യ മുള്ളതും സുരക്ഷിതത്വമുള്ളതും ലബോറട്ടറികൾ. മറ്റെല്ലാ സജ്ജീകരണങ്ങളോടു കൂടിയതുമായിരിക്കും

ലഘുപഠനയാത്രകൾ പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ. സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ(പ്രയോജനപ്പെടുത്തുക.

മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയതലമുറയിൽ നിന്നും ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക

പ്ലാസ്റ്റിക്ക് മുക്ത, കീടനാശിനി മുക്ത, ലഹരിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കും.

പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുക വഴി മുഖ്യധാരയിലേക്ക് എത്തിക്കാം.

വോട്ടവകാശം ലഭിക്കുമ്പോൾ തന്നെ തൊഴിലെടുക്കുവാനുള്ള കഴിവ് വികസിപ്പിക്കുവാൻ മിട്ട് നൈപുണി വികസന പരിപാടി സമഗ്രമാക്കുക..

ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജൈവവൈവിധ്യ ഉദ്യാനം എന്ന ആശയം നടപ്പാക്കും.

വിദ്യാലയത്തിൽ എത്തിച്ചേരാൻ അസൗകര്യമുള്ള പ്രദേശങ്ങളിൽ വാഹന സൗകര്യം ഏർപ്പെടുത്തും. പ്രഭാത ഭക്ഷണം അത്യാവശ്യമായ ഇടങ്ങളിൽ സ്‌ക്കൂളിൽ അതിനുള്ള സംവിധാനമുണ്ടാക്കും.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ജനകീയ സംവിധാനങ്ങൾ ഒ രുക്കും.

സാമൂഹിക ആവിഷ്കരിക്കും പ്രതിബദ്ധതയുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിയ്ക്കും.

## വിദ്യാലയ ചരിത്രം

- 1800 ഒക്റ്റോബർ മാസത്തിലെ വിജയദശമി ദിനത്തില് ഈ സരസ്വതി ക്ഷേത്രം പ്രവർത്തനം ആരംഭിച്ചു. തിരുവിതാംകൂറിൽ ആദ്യമായി സ്ഥാപിക്കപെട്ട മൂന്ന് ആംഗലേയ മാധ്യമ വിദ്യാലയങ്ങളിൽ ഒന്നായിരുന്നു മാവേലിക്കര ഗവണ്മെന്റ് ബോയ്സ് ഹൈസ്കൂൾ

- തിരുകൊച്ചി മുൻമുഖ്യമന്ത്രി സി. കേശവൻ, കോന്നിയൂർ ഗോവിന്ദപിള്ള കെ എം ജോർജ്ജ് കൊച്ചിക്കൽ ബാലകൃഷ്ണൻ തമ്പി. എം ജി ജോൺ മഹാകവി നാലാങ്കല് കൃഷ്ണപിള്ള തുടങ്ങിയവർ ഈ സരസ്വതി ക്ഷേത്രത്തിൽ അദ്ധ്യാപകരായിരുന്നു

- ഈ വിദ്യാലയത്തിന്റെ ശിക്ഷണത്തിൽ പ്രശസ്തി നേടിയവരിൽ പി ജി എൻ ഉണ്ണിത്താൻ, റാവു ബഹാദൂർ കൃഷ്ണൻ പണ്ടാല (മുൻ മദ്രാസ് ഹൈകോടതി ജഡ്ജി) ജസ്റ്റിസ് രാമൻ തമ്പി, മുൻ ചീഫ് ജസ്റ്റിസ് കോമലെഗത്ത് ശങ്കരൻ, മുൻ ചീഫ് സെക്രട്ടറിമാരായ സി പി നായർ, അത് ഭൂഷൺ, രവീന്ദ്രൻ മാധവൻ, പി എം നായർ, ഡോ എം എസ് വല്യത്താൻ, ഡോ. പുതുശ്ശേരി രാമചന്ദ്രൻ പ്രോഫ നരേന്ദ്രപ്രസാദ്, ഡോ അംബികരാജൻ, കാർട്ടൂണിസ്റ്റ് ശങ്കർ. ഒ. മാധവൻ മജീഷ്യൻ സാമ്രാജ് തുടങ്ങിയവർ ഉൾപ്പടുന്നു

- 1984 ആണ്ടിലാണ് മാവേലിക്കര ബോയ്സ് സ്ക്കൂളിൽ തൊഴിലധിഷ്ഠിത വിഭാഗം പ്രവർത്തനം ആരംഭിച്ചത് .തുടക്കത്തിൽ അഗ്രികൾച്ചറൽ കോഴ്സുമായി ആരംഭിച്ച വിദ്യാഭ്യാസപദ്ധതി ക്രമേണ വികസിച്ച് മെഡിക്കൽ ലാബ് ടെക്നിഷ്യൻ കോഴ്സും, സിവിൽ കൺസ്ട്രക്ഷൻ ടെക്നോളജി കോഴ്സും കംപ്യൂട്ടർ അപ്ലിക്കേഷൻ കോഴ്സുമായി ഇപ്പോൾ 300-ൽ പരം വിദ്യാർത്ഥികൾ പഠന പ്രവർത്തനങ്ങൾ നടത്തി വരുന്നു. മാവേലിക്കര പട്ടണത്തിലെ ഏക തൊഴിലധിഷ്ഠിത ഹയർസെക്കൻഡറിയും ആലപ്പുഴ ജില്ലയിലെ ഗവൺമെന്റ് മേഖലയിലെ ഏറ്റവും വലിയ വോക്കേഷണൽ ഹയർസെക്കൻഡറിയും ഇതാണ്

- രണ്ടു നൂറ്റാണ്ടിന്റെ സേവന പാരമ്പര്യവും പൈതൃകവും പേറുന്ന ഈ വിദ്യാലയത്തിൽ 2004-ൽ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തനം ആരംഭിച്ചു. തുടക്കത്തിൽ ബയോളജി സയൻസിന്റെയും കൊമേഴ്സ് വിഭാഗത്തിന്റെയും രണ്ട് ബാച്ചുകൾ ആയിരുന്നു ഉണ്ടായിരുന്നത്. 2011 ൽ കമ്പ്യൂട്ടർ യൻസിൻ്റെ അധിക ബാച്ചും നിലവിൽ വന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം

### ● കാഴ്ചപ്പാട്

എല്ലാ കുട്ടികളും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികളും നൈപുണികളുംമനോഭാവവും മൂല്യങ്ങളും അന്താരാഷ്ട്ര നിലവാരത്തോട് കിടപിടിക്കുന്ന വിധം ആർജ്ജിക്കാൻ അവസരമൊരുക്കുക.

- വിദഗ്ദരായ അധ്യാപകരുടെ സേവനം വിദ്യാലയങ്ങളിൽ ലഭ്യമാക്കുന്നതോടൊപ്പം വിദ്യാലയത്തിലെ അധ്യാപകരുടെ അക്കാദമികവും സാങ്കേതികവുമായ മികവ് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനപദ്ധതി ആസൂത്രണം ചെയ്യുക.
- ആധുനിക സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തുന്ന അധ്യയനം ഉറപ്പാക്കുക.
- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുക.
- പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരുംതലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലികനിവാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ .അതിനായി പ്ലാസ്റ്റിക് മുക്ത , കീടനാശിനി മുക്ത ക്യാമ്പസ് സൃഷ്ടിക്കുക

● മനുഷ്യനെ കാർന്നുതിന്നുന്ന ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുകയും ലഹരിമുക്ത നവകേരള നിർമ്മിതിക്കായുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്യുക.

## പദ്ധതി രൂപീകരണ പ്രക്രിയ

● പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയത്തിൽ വികസന കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിനും സ്ക്കൂൾ സമഗ്രവികസനരേഖ തയ്യാറാക്കുന്നതിനുമായി മുഴുവൻ സ്റ്റാഫ് അംഗങ്ങളുടെയും ഒരു ആലോചന യോഗം കൂടി

- ജി വി എച്ച് എസ്സ് എസ്സ് മാവേലിക്കര സ്ക്കൂൾ-വിഷൻ 2030' വികസന കാഴ്ചപ്പാട് എന്താണെന്ന് പ്രധാനഅദ്ധ്യാപിക വിശദീകരിക്കുകയും വിവിധ അദ്ധ്യാപകരെ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തു

- വികസനാവശ്യങ്ങൾ ക്ലാസ്സ് /വിഷയം അടിസ്ഥാനത്തിൽ ഭൗതികം അക്കാദമികം-സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കി -

- പി ടി എ യുടെയും മാതൃസമിതി അംഗങ്ങളുടെയും സാന്നിധ്യത്തിൽ വികസന രൂപരേഖ ചർച്ച നടന്നു. രൂപരേഖയിൽ ആവശ്യം വേണ്ട കൂട്ടിചേർക്കലുകൾ നടത്തി സ്റ്റാഫ് സെക്രട്ടറി, സീനിയർ അസിസ്റ്റന്റ്. എസ്സ്. ആർ. ജി. കൺവീനർ എന്നിവരെ രൂപരേഖ ക്രോഡീകരിക്കുന്നതിന് ചുമതലപ്പെടുത്തി

- പൂർവവിദ്യാർഥി സംഗമത്തിനുള്ള സ്വാഗതസംഘം രൂപികരിച്ചു സ്വാഗതസംഘത്തിൽ 35-ഓളം പ്രമുഖ വ്യക്തികളെ ഉൾപ്പെടുത്തി.

- നമ്മുടെ വിദ്യാലയ മുത്തശ്ശി യുടെ 225-ാം വാർഷികം ആഘോഷിക്കാൻ പിറ്റിഎ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചു. ഉദ്ഘാടനവും സമാപനവും ഗംഭീരമാക്കാനും മാസം തോറും ഒരു പരിപാടി വീതം നടത്താനും തീരുമാനിച്ചു.

## അവസ്ഥാവിശകലനം

- ഭൗതികം

- പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഹൈടെക് സംവിധാനങ്ങൾ ക്ലാസ്സ്മുറികളിൽ ഒരുക്കി.

- കാലം ഇത്രയും പിന്നിട്ടിട്ടും പരാധീനതകളുടെ നടുവിലാണ് ഈ സരസ്വതീ ക്ഷേത്രം ലബോറട്ടറിയുടെ അപര്യാപ്തത ശാസ്ത്ര വിഷയങ്ങളുടെ പഠനനിലവാരത്തെ മോശമായി ബാധിക്കുന്നു.
- ക്ലാസ്സ് മുറികളുടെ അഭാവവും ലൈബ്രറിയുടെ സ്ഥലപരിമിതിയും പ്രധാന പ്രശ്നം ആണ്.
- എഴുനൂറോളം ആൺകുട്ടികളും പെണകുട്ടികളും പഠിക്കുന്ന ഈ വിദ്യാലയത്തിൽ കുട്ടികൾക്ക് ആനുപാതികമായി ശൗചാലയം ഇല്ല എന്നുള്ളതും ദുഃഖകരം തന്നെ ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്തതിന്റെ കുറവ് ഇവിടുത്തെ സ്റ്റാഫ് അംഗങ്ങളും അനുഭവിച്ചു പോരുന്നു
- ഈ വിദ്യാലയത്തിന് സെമിനാർ ഹാളോ, ആഡിറ്റോറിയമോ ഇല്ല.
- കലാകായിക പരിശീലനത്തിന് അദ്ധ്യാപകരുടെ സേവനം ലഭ്യമാകുന്നില്ല.
- അടുക്കള ആധുനിക രീതിയിലുള്ളതല്ല .ഭോജനശാല ഇല്ല.
- വാഹന ഷെഡ് നിർമ്മിക്കേണ്ടതുണ്ട്.
- ആകർഷകമായവിധത്തിൽ പൂന്തോട്ടം, വൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്.
- സ്ക്കൂൾ പരിസരത്തെ വെള്ളക്കെട്ട് ഗരുതരമായപ്രശ്നംതന്നെയാണ്.
- അക്കാദമികം
- ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന പദ്ധതി പ്രകാരം നൂറുമേനി കൊയ്തു മുന്നേറുന്ന ഒരു സരസ്വതി ക്ഷേത്രമാണ് മാവേലിക്കര ഗവണ്മെന്റ് വോക്കേഷണൽ ഹയര് സെക്കന്ററി സ്ക്കൂൾ. കാര്യക്ഷമമായ ഒരു വിദ്യാലയ വികസന സമിതിയുടെ കർമ്മോന്മുഖമായ പ്രവർത്തനമാണ് ഇതിനു ചുക്കാൻ പിടിക്കുന്നത് വികസനോന്മുഖമായ തുടര് പ്രവർത്തനങ്ങളിലൂടെ വിവിധ മേഖലകള് കൂട്ടായി ചർച്ച ചെയ്ത ലക്ഷ്യത്തിലെത്താൻ വേണ്ട കർമപരിപാടികള് ആവിഷ്കരിക്കാന് വിദ്യാലയത്തിനുകഴിഞ്ഞിട്ടുണ്ട്.
- ഹയർ ജില്ലയിലെ ഗവണ്മെന്റ് സെക്കന്ററി ഏറ്റവും വലിയ മേഖലയിലുള്ള തൊഴിലധിഷ്ഠിത സ്ഥാപനമാണിത് അക്കാദമികവും, അക്കാദമികേതരവുമായ പ്രവർത്തനങ്ങളിൽ പ്രശസ്തവും

ശ്രേഷ്ഠവുമായ നേട്ടങ്ങളാണ് ഈ വിദ്യാലയം ഇതുവരെ കൈവരിച്ചിട്ടുള്ളത്. പ്രാദേശിക, സംസ്ഥാന, ദേശിയ എക്സ്പോകൾ, ശാസ്ത്ര- ഗണിത ശാസ്ത്ര പ്രവർത്തി പരിചയ ഐ ടി മേളകളിലും, യുവജനോത്സവം. കായിക മേളകൾ എന്നിവയിലും മികവാർന്ന നേട്ടം കരസ്ഥമാക്കാൻ ഈ സ്കൂളിനു കഴിഞ്ഞിട്ടുണ്ട്. ഭൗതിക സൗകര്യങ്ങളുടെ പരിമിത സാഹചര്യങ്ങളിൽ നിന്നുകൊണ്ട് പൊതുപരീക്ഷകളിൽ ഉയർന്നനിലവാരവും പ്രശസ്തിയും നേടുവാനും ഒട്ടേറെ കുട്ടികളെ വിവിധ തൊഴിൽ മേഖലകളിൽ എത്തിക്കുവാനും ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

**പരിമിതികൾ**

- വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേതുണ്ട്. സ്കൂൾ ഗ്രന്ഥശാല നവീകരിക്കണം, ലബോറട്ടറികൾ ആധുനികവൽക്കരിക്കണം, ക്ലാസ്സ് ലൈബ്രറികൾ സജ്ജമാക്കണം.

## പ്രശ്നങ്ങൾ വെല്ലുവിളികൾ

എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ നേടാൻ കഴിയുന്നില്ല

പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പഠനോപകരണങ്ങൾ, ഐ.സി.ടി സാമഗ്രികൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

സർഗാത്മക പ്രവർത്തനങ്ങൾക്ക് പ്രാധാന്യവും പ്രോത്സാഹനവും വേണ്ടത്ര ലഭിക്കുന്നില്ല.

വൈവിധ്യമാർന്ന പല തന്ത്രങ്ങളും സങ്കേതങ്ങളും പ്രയോജനപ്പെടുത്തുവാൻ ഭൂരിഭാഗം പേർക്കും കഴിഞ്ഞിട്ടില്ല.

ക്ലാസ്സ് ലൈബ്രറികൾ ഇല്ല

ഉപരിപഠനസാധ്യതകൾ, തൊഴിൽ അവസരങ്ങൾ,നൈപുണി ശേഷി വികാസം എന്നിവ സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് ധാരണ കുറവുണ്ട്

ക്ലബ്ബ് പ്രവർത്തനങ്ങൾ പഠനപ്രവർത്തനത്തിന്റെ ഭാഗമാകുന്നില്ല.

നല്ല പരിസരം ഒരു പാഠപുസ്തകമാണ് തിരിച്ചറിയുന്നില്ല

എല്ലാ കുട്ടികളെയും ജന്മസിദ്ധമായ കഴിവുകൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും ഉള്ള അവസരങ്ങളും അനുഭവങ്ങളും ലഭ്യമാകുന്നില്ല

പാഠ്യപദ്ധതി നിർദ്ദേശിച്ച പഠനാനുഭവങ്ങൾ നൽകാനുള്ള അധ്യാപകരില്ല.

അധ്യാപകർക്കും കുട്ടികൾക്കും അവരുടെ സർഗ്ഗശേഷി പ്രകടിപ്പിക്കുന്നതിന് വേണ്ടത്ര അവസരമില്ല.

വിദ്യാലയ പ്രവർത്തനങ്ങൾ കൃത്യമായി ഡോക്യുമെന്റ് ചെയ്യപ്പെടുകയോ മാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിക്കാനുള്ള അവസരമോ ഇല്ല.

## ഭൗതികം

ഭിന്നനിലവാരക്കാരുടെ പഠനപ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ റിസോഴ്സ് റൂം സ്കൂളിൽ ഇല്ല.

പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സഹായകമായ സ്ഥല സൗകര്യം, അനുയോജ്യമായ ഇരിപ്പിട സൗകര്യം, ഐസിടി സൗകര്യം എന്നിവയുള്ള ക്ലാസ് മുറികളുടെ അഭാവം.

ആധുനികമായി സജ്ജീകരിച്ച സ്കൂള് ലൈബ്രറി, ലബോറട്ടറി, ലാംഗ്വേജ് ലാബ് എന്നിവയുടെ അഭാവം.

ക്ലാസ്സ് ലൈബ്രറിയ്ക്ക് മതിയായ സൗകര്യമില്ല.

ശുചിമുറികൾ വൃത്തിയായി സൂക്ഷിക്കാൻ കഴിയുന്നില്ല.

ഭൗതിക സൗകര്യം ഇല്ല

വിദ്യാലയപരിസരം വൃത്തിഹീനമായി വിദ്യാലയന്തരീക്ഷത്തെ ദോഷകരമായി ബാധിക്കുന

ആൺകുട്ടികൾക്ക് മതിയായരീതിയിൽ ശൗചാലയമില്ല.

ചുറ്റു മതിൽ പൂർണമല്ല

സ്കൂൾ വസ്തുക്കളുടേയും കുട്ടികളുടേയും സുരക്ഷയെത്തന്നെ ബാധിക്കുന്ന തരത്തിൽ സാമൂഹ്യ വിരുദ്ധരുടെ ശല്യം കൂടുതലാണ്.
ആഡിറ്റോറിയം ഇല്ല.
ആധുനീക സംവിധാനങ്ങൾ ഒരുക്കിയ ഒരു കോൺഫ്രൻസ്/സെമിനാർ ഹാൾ ഇല്ല

നൂറ്റണ്ടുകൾ പഴക്കമുള്ള അമൂല്യമായ അനേകം പുസ്തകങ്ങളുടെ ശേഖരം സ്കൂളിനുണ്ടെങ്കിലും വേണ്ടരീതിയിൽ സംരക്ഷിക്കുന്നതിനും, പ്രദർശിപ്പിക്കുന്നതിനും മതിയായ റഫറൻസ് പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനും വായനാ മുറിയുടെ സ്ഥലപരിമിതി മൂലം കഴിയുന്നില്ല. വി.എച്.എസ്.ഇ. എച്.എസ്.എസ്.ഇ എന്നി വിഭാഗങ്ങളിലും അനേകം റഫറൻസ് ഗ്രന്ഥങ്ങൾ ലഭ്യമാണെങ്കിലും അത് കുട്ടികൾക്ക് പ്രയോജനപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണ്.

**സാമൂഹികം**

ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിലും ജീവിതത്തിനും നിലവിലുള്ള നിയമ പരിരക്ഷയ കുറിച്ച് ധാരണയില്ല.

വെല്ലുവിളികൾ

രക്ഷിതാക്കളുടെ ബോധവല്ക്കരണം കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയുന്നില്ല.

രക്ഷകർത്താക്കൾ സ്ക്രൂളുമായി വേണ്ടത്ര ബന്ധം പുലർത്തുന്നില്ല

കുട്ടികളുടെ ഗാർഹിക പ്രശ്നങ്ങൾ പരിഹരിച്ച് പഠനാന്തരീക്ഷം ഉറപ്പാക്കാൻ കഴിയുന്നില്ല

വിദ്യാലയത്തിന്റെ അക്കാദമികവും ഔദ്യോഗികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുന്നില്ല.

പഠന നിലവാരം രക്ഷിതാക്കൾ വിലയിരുത്തുന്നില്ല.

പൂർവവിദ്യാർഥി സംഘടന, പൂർവ അധ്യാപക സംഘടന, എസ്സ്.എം.സി.. പി.ടി.എ. എന്നീ യോഗങ്ങളുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.

പ്രാദേശിക വിഭവ ഭൂപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.

സഹജീവികളോട് സ്നേഹം , കരുണ , അനുതാപം എന്നിവ വികസിപ്പിക്കുന്നില്ല.

കലാസാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച് ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.

കലാസാംസ്കാരിക പ്രവർത്തിപരിചയം വിജയിപ്പിക്കുവാൻ സമൂഹത്തിലെ പ്രതിഭകളുടെ സേവനം വേണ്ടവിധം പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.

**പാഠ്യേതരപ്രവർത്തങ്ങൾ**

എസ്സ്.പി.സി., എൻ.സി.സി ,സ്കൗട്ട്&ഗൈഡ്സ് എന്നീപദ്ധതികൾ തുടങ്ങുക

**മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ**

ഇംഗ്ലീഷ് പഠന പരിപോഷണം

ഗണിതശേഷി വികസനം

ശാസ്ത്രപോഷണ പരിപാടി & ലബോറട്ടറി നവീകരണം

ഐ.ടി. പരിശീലനം

ക്ലാസ്സ്റൂം ഡിജിറ്റലൈസേഷൻ

ലൈബ്രറി ശാക്തീകരണം

കലാ-സംസ്കാരികം

. വിവരശേഖരണം:

ഡോക്യുമെന്റേഷൻ

പ്രാദേശിക ഭൂപടം

വിവിധദിനാചരണങ്ങൾ

സ്ക്കൂൾ പത്രം/മാസിക

കയ്യെഴുത്തുമാസിക

സാഹിത്യ പോഷണ പരിപാടികൾ

സ്ക്കൂൾ റേഡിയോ

സംഗീത ഉപകരണങ്ങൾ

ശാസ്ത്ര യാത്രകൾ

ശാസ്ത്ര മേളകൾ

സെമിനാറുകൾ

അഭിമുഖങ്ങൾ

പ്രവൃത്തി പരിചയപഠനം

ജൈവ വൈവിധ്യ പാർക്ക്

പച്ചക്കറിത്തോട്ടം

കായിക പഠനം

കായികമേള

ആരോഗ്യം ശുചിത്വം

മെഡിക്കൽ ക്യാമ്പ്

പോഷകാഹാര പരിപാടി

ടേം മൂല്യനിർണയം, നിരന്തരവിലയിരുത്തൽ

അദ്ധ്യാപക ശാക്തീകരണ പരിപാടികൾ

സാമൂഹികം

കളിസ്ഥലം

ക്ലാസ്സ് മുറികൾ

ലൈബ്രറി

മൾട്ടിമീഡിയ സെമിനാർ

ലബോറട്ടറി സമുച്ചയം

ഓഫീസ് മുറി

സ്റ്റാഫ് മുറി

വിശ്രമമുറി

കൗൺസിലിംഗ് റൂം

കുടിവെള്ള വിതരണം

അടുക്കള

ഡൈനിംഗ് ഹാൾ

അസംബ്ലി ഹാൾ

ടോയ് ലറ്റ്

പെൺ സൗഹൃദ ടോയ്ലറ്റ്

മാലിന്യ സംസ്കരണം

മൈതാന നിർമ്മാണം

യോഗാപരിശീലന മുറി

വാഹനഷെഡ്

ജനറേറ്റർ സ്ഥാപിക്കൽ

ടൂൾകിറ്റ്, പണിയായുധമുറി

പിടിഎ ശക്തിപ്പെടുത്തൽ

വിദ്യാലയ വികസന സമിതി കാര്യക്ഷമമാക്കൽ

പൂർവ്വ വിദ്യാർത്ഥി സംഘട നയുടെ പ്രവർത്തനം

പൂർവ്വാദ്ധ്യാപക സംഘടന

സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ,സഹകരണ സ്ഥാപനങ്ങൾ. വ്യവസായഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ,

ക്ലാസ്സ് പിടിഎ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ

വിദ്യാലയ വിഭവങ്ങൾ മികവുകൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ

സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല.

# മലയാളം (എച്. എസ്സ്.)

ഒരു വ്യക്തി ചിന്തിക്കുന്നതും പ്രവർത്തിക്കുന്നത്യം അവന്റെ മാതൃഭാഷയിലാണ് അതിനാൽ മാതൃഭാഷ യുടെ വികാസം മറ്റെല്ലാവിഷയങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. മലയാളം എളുപ്പമാണ് അത് പഠി ക്കേണ്ട എന്നൊരു മനോഭാവവും ഇന്നു വളർന്നു വരുന്നു. . ആ മനോഭാവം കൊണ്ടു തന്നെ എഴുത്തും വായനയും കുട്ടികളുടെ ഇടയിൽ ഒരു വലിയ പ്രശ്നമായി മാറുന്നു. സർഗ്ഗാത്മക കഴിവുകളുടെ വികാസവും മാതൃഭാഷയുടെ വികാസം ലക്ഷ്യം വയ്ക്കുന്നു.

## പ്രശ്നനങ്ങൾ

അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ തലത്തിലെ ക്കുട്ടികൾ പാഠ്യപദ്ധതിയിലൂടെ ആർജ്ജിക്കേണ്ട ശേഷികൾ കൈവരിക്കുന്നില്ല. ഇതിന് പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സഹായകമായ സ്ഥലസൗകര്യത്തിന്റെ അഭാവം ഒരു പ്രധാനപ്രശ്നമാണ്.

സ്മാർട്ട് ക്ലാസ് മുറികളുടെ അഭാവം

ലൈബ്രറിയിലെ സ്ഥല പരിമിതി

ആധുനികമായി സജ്ജീകരിച്ച ലൈബ്രറിയുടെ അഭാവം

അനുകാലിക വായനാസാമഗ്രികളുടെ അഭാവം

ഭാഷാലാബിന്റെ അപര്യാപ്തത

ഡിജിറ്റൽ ലൈബ്രറിയുടെ അഭാവം

കുട്ടികളുടെ കുറവ്

സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല.

വീട്ടിൽ നിന്നും പ്രോത്സാഹനമില്ലായ്മ

കുട്ടികളുടെ താല്പര്യകുറവ്

മാതൃഭാഷയോടുള്ള ലാഘവമായ സമീപനം

അടിസ്ഥാനശേഷികൾ വികാസം.

ചെറുക്ലാസുകളിൽ നേടാത്തത്

വിദ്യാലയത്തിലെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ പരിഹരിക്കുന്നതിനും സാമൂഹി കമായ പങ്കാളിത്തം ഇല്ല.

സാമ്പത്തികത്തിന്റെ കുറവ്,

## പരിഹാരമാർഗ്ഗങ്ങൾ

കുട്ടികളുടെ പഠനനിലവാരം പ്രീ-ടെസ്റ്റുകൾ നടത്തി കണ്ടെത്തി പരിഹാരബോധന പാക്കേജ് നടപ്പിലാക്കുക. ഇതിനായി അമ്മ മലയാളം, മലയാളതിളക്കം, ശ്രദ്ധ നവപ്രഭതുടങ്ങിയ പദ്ധതികളുടെ മോഡ്യൂളുകൾ ഉപയോഗിക്കാൻ സാധിക്കും.

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിൻ്റെ ഭാഗമായി ക്ലാസ് മുറികൾ ഹൈ-ടെക് ആയി മാറ് ക്കൊണ്ടിരിക്കുന്നു. ഇത് ഐ.ടി സാധ്യതയുടെ പരമാവധി ഉപയോഗം സാധ്യമാക്കുന്നു.

അറിവുനിർമ്മാണം ക്ലാസ് മുറിക്കുള്ളിൽ മാത്രമല്ല നടക്കുന്നത് അതിനാൽ ലൈബ്രറി ക്രൂടുത ക്ഷമമായി പ്രവർത്തിക്കാൻ ഒരു ലൈബ്രേറിയൻ നിയമനം ഗവൺമെൻ്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. പാഠപുസ്തകവുമായി ബന്ധപ്പെട്ട എല്ലാകൃതികളും ക്ലാസിൽ ലഭ്യമാക്കാൻ അധ്യാപികയുടെ നേതൃത്ത്വത്തിൽ ക്ലാസ് ലൈബ്രേറിയനെ തിരഞ്ഞെടുത്ത് അതാത് ക്ലാസുകളിലേക്കുള്ള റഫറൻസ് പുസ്തകങ്ങൾ ഉറപ്പുവരുത്താം.

മാതൃഭാഷയും സംസ്ക്കാരവുമായി ബന്ധപ്പെട്ട് സ്ഥലങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ച തയ്യാറാക്കി പതിപ്പാക്കാം.

സർഗ്ഗാത്മക ശേഷി വികാസത്തിൻ്റെ ഭാഗമായി വിവിധ രചനാമാതൃക കൾക്കുള്ള ശില്പ ടിപ്പിക്കാം. കഥാ, കവിത തുടങ്ങിയവയുടെ പതിപ്പ് തയ്യാറാക്കാം...

കയ്യെഴുത്ത് മാസികൾ നിർമ്മിക്കാം. വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കാം.

ക്ലാസ്. പിടിഎ നടത്തുന്നതിലുപരി ഭവന സന്ദർശനം ഒരു പ്രധാന അജണ്ടയായി എടുത്ത രക്ഷാകർത്താക്കളുടെ താല്പര്യം ഇലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാം.

ഗാർഹികമായ പ്രശ്നങ്ങൾ ഉള്ള കുട്ടികളെ കണ്ടെത്തി സാമൂഹികമായ ഇടപെടലിലൂടെ കാണാം. ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കാം.

സ്റ്റാഫ് ഫണ്ട് അപര്യാപ്തമായതിനാൽ സാമ്പത്തിക പ്രശ്നങ്ങൾക്ക് മറ്റുമാർഗ്ഗങ്ങൾതേടാം. ജനപ്രതിനിധികളുടെ ഫണ്ടുകളും സർക്കാർ ഫണ്ടുകളും സ്ക്കൂൾ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കാൻ വേണ്ട ഇടപെടലുകൾ നടത്താം.

# പ്രവർത്തന പദ്ധതികൾ

മേഖല :അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടി കൾക്കും മലയാളം അനായാസമായി കൈകാര്യം ചെയ്യു വാനും സർഗ്ഗാത്മക രചനകളിൽ ഏർപ്പെ ടാനുമുള്ള വികസിപ്പിക്കൽ | പഠന നില പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെ ത്തുന്നു.പരിമിതികൾ പരിഹ രിക്കുന്നതിനാവശ്യമായ പ്രവർത്തനം / പാക്കേജ് തയ്യാറാക്കൽ/ ശേഖരിക്കൽ | ജൂലൈ ആദ്യ ആഴ്ച | മലയാളം അധ്യാപിക | അദ്ധ്യാപക കൂട്ടായ്മ |
| 2 മലയാള സാഹിത്യകൃതികൾ വായി ക്കാനും ആസ്വദി ക്കാനുമുള്ള താല്പര്യം വർദ്ധിപ്പിക്കൽ | പതിപ്പുകൾ, / മാഗസിനുകൾ രചനാശില്പ ശാലകൾ പുസ്തക പ്രദർശനം വിവിധ സാഹിത്യകാരന്മാരുടെ സ്മൃതി ദിനത്തിൽ അവരുടെ കൃതികൾ പ്രദർശിപ്പിക്കൽ | ജൂലൈ മുതൽ മാർച്ചുവ രെ | മലയാളം അധ്യാപിക വിദ്യാരംഗം ക്ലബ്ബ് | അദ്ധ്യാപക കൂട്ടായ്മ |
| 3 മലയാള പഠനം കൂടുതൽ താല്പര്യം ഉള്ളതാക്കൽ | ഭാഷാലാബ് ഒരുക്കൽ സജ്ജീകരിക്കൽ ഐ.റ്റി അനുബന്ധ ഉപകര ണങ്ങൾ തയ്യാറാക്കൽ | ജൂലൈ മുതൽ മാർച്ചുവ രെ | ലൈബ്രറിചുമ തലയുള്ള അദ്ധ്യാപിക | സർക്കാർ ഫണ്ടുകൾ,പൂർ വ്വവിദ്യാർത്ഥി കൾ |
| സാഹിത്യവാ സന വർദ്ധിപ്പിക്കൽ | സാഹിത്യകാരന്മാരെ സ്കൂളിലെത്തിക്കൽ, എഴുത്തനുഭവങ്ങളും വായനാനുഭവങ്ങളും പങ്കുവെക്കൽ | ജൂലൈ മുതൽ മാർച്ചുവ രെ | പ്രധമ ാധ്യാ പിക, അദ്ധ ്യാപ കർ | അദ്ധ്യാപക കൂട്ടായ്മ |
| പഠനാനുഭവങ്ങൾ രസകരമാക്കൽ | സാഹിത്യകാരന്മാരുടെ സ്മൃതി മണ്ഡപങ്ങളിലേക്കും സാഹിത്യവുമായി ബന്ധപ്പെ ട്ടസ്ഥലങ്ങളിലേക്കും യാത്ര | ഒരു വർഷം | അദ്ധ്യാപകർ | അദ്ധ്യാപക കൂട്ടായ്മ, തദ്ദേശ സ്വയം ഭരണ സ്ഥാപനം |

# ENGLISH (H. S.)

**PREFACE**

English the international language that empowers our people in the present context . Our society knows the use of this language. When they are inserch of job in foreign countries, English will help them to grab most attractive one. Moreover our society given a status symbol to it. It is a language of trade. Besides it has a felt impact on the internet and social media. The demand of public for English compelled the authorities to introduce English from Ist standard onwards

Inspite of all these proficiancy in English remains a distant dream to most learners. But there have been positive changes in the profile of English class rooms in Kerala. We want to make teaching- learning process in English effective, we have to provide our learners ample opportunities to use the language effectively.

English Learning Issues

Acadamic

Learners haven't acquired the required curriculam objectives

2 Lack of exposure to English literature in promoting reading skills.

3. Lack of real life situations - in promoting English as a language for communication.

Infrastructure

Lack of language lab in English.

Social

Lack of social participation in English language programme.

Problem Analysis

Learners haven't acquired the required curriculam objectves

| Reasons | Remadial measures | Activity |
|---|---|---|
| • Lack of interest<br>• Lack of expresure | Conducting Pre-test to assess the level | Pre-test<br>Special module based on the situation |

| | | |
|---|---|---|
| Teacher<br>• Lack of time in creative implimenting activities in class room<br>•<br>• Cannot address different levels of learners.<br>•<br>• They are compelled to finish immediate tasks System<br>•<br>• Only syllabus oriented transaction of objectves<br>• Parent<br>• Lack of learning environment at home<br>•<br>Lack of awareness | Develop a project to enhance the basic skills of students.<br>Planning Class room activities<br>so as to address different levels of learners | Install a full fledged language lab |

CT AND PROCESS BASED PLANNING LESSONS

To ensure the RTE 2009, we have to identity learning activities and prepare micro level process based teaching mannal.

English book exhibition

An English books festivel should be conducted once in a year.

English club

Various activites under guidance of English club must try to fill various gaps in language as an instructional tool. The learner must get various aspects of language like (LSRW) listening. speaking, reading and writing. English assembly conducted by English club ans so on

## ഹിന്ദി (എച്ച്. എസ്സ്)

പ്രയാസം നേരിടുന്ന സാഹചര്യങ്ങൾ

ഹിന്ദിതിയേറ്ററിന്റെ അഭാവം

വിഭിന്ന ഹിന്ദി സാഹിത്യകാരന്മാരുമായുള്ള സംവാദം.

ഹിന്ദി പ്രദേശങ്ങളിലേക്ക് പഠനയാത്ര

നവപ്രഭയിൽ ഹിന്ദി ഭാഷയുടെ കുറവ്.

മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചാൽ ഒരു പരിധിവരെ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്. സംസ്ഥാനത്തിന് പുറത്തുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്രയായാൽ കുട്ടികൾക്ക് ഭാഷാഭിരുചി വർദ്ധിക്കും.

സംസ്ഥാനത്തിനകത്തും പുറത്തും ഹിന്ദിയിൽ വിവിധ പ്രോജക്ട്, സെമിനാർ ഇവ നടത്താൻ അവർക്ക് അവസരം സൃഷ്ടിച്ചു കൊടുക്കണം.
പുസ്തകോത്സവത്തിൽ നോവലുകൾ, കവിതങ്ങൾ, ആത്മകഥ, ജീവചരിത്രം തുടങ്ങിയ പുസ്തകങ്ങൾ ഉൾപ്പെടുത്തണം.
അടുത്ത അക്കാദമിക് വർഷം മുതൽ സ്ക്കൂൾതല തുടർ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി ഭാഷാതാല്പര്യം വളർത്താൻ വേണ്ട പ്രവർത്തനങ്ങൾ താഴെ ചേർത്തിരിക്കുന്നു.

### പ്രവർത്തനങ്ങൾ

ഹിന്ദി ഉത്സവ്

ഹിന്ദി ഭാഷയിൽ അഭിരുചികൾ വർദ്ധിപ്പിക്കാൻ ഹിന്ദി മാധ്യമമാക്കികൊണ്ടുള്ള ക്യാമ്പുകൾ സംഘടിപ്പിക്കണം. ഇതിലൂടെ ഭിന്ന-ഭിന്നശേഷികൾ ആർജ്ജിക്കാൻ കുട്ടികൾക്ക് അവസരം ലഭിക്കും.

കഥാവായന

കവിതാരചന

കഥാരചന

ഹിന്ദി തീയേറ്റർ

ഹിന്ദി സ്കിറ്റ് തയ്യാറാക്കൽ

.

വിവിധ സാമൂഹിക പ്രശനങ്ങൾ സ്കിറ്റിലൂടെ അവതരിപ്പിക്കൽ

ഹിന്ദി നാടക അഭിനേതാക്കൾ -സംവാദം

എഡിറ്റിംഗ് പരിശീലനം

ഹിന്ദി കവിതകൾ - ഓഡിയോ കേൾക്കാനുള്ള അവസരം

വീഡിയോ കോൺഫറൻസ്

ചുറ്റുപാടുമുള്ള മര മുത്തശ്ശിമാർക്ക് ഹിന്ദി നാമകരണം

വിഭിന്ന ക്ലാസിലെ കുട്ടികൾക്ക് വിവിധ ഭാഗങ്ങൾ നൽകി മരങ്ങൾക്ക് ഹിന്ദി നാമകരണം ചെയ്യാനുള്ള അവസരം ഒരുക്കുന്നു.

പി.റ്റി.എ. എംപിറ്റി എ വേദികളിലിം, വിവിധ സാംസ്കാരിക പ്രവർത്തന മേഖലകളിലും കുട്ടികളുടെ മികവ് പ്രദർശനം

ഹിന്ദി ഭാഷയ്ക്ക് ഒരു പത്രം എന്ന പേരിൽ ക്ലാസ്സ് തല പ്രസിദ്ധീകരണം.

പ്രവർത്തന പദ്ധതികൾ

അക്കാദമികം

2 ലൈബ്രറിയിൽ ഹിന്ദി പുസ്തകങ്ങൾ കൂടുതൽ ഉൾപ്പെടുത്തുന്നു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഹിന്ദി ഭാഷയിൽ ആശയ വിനിമയത്തി നും, സർഗ്ഗാത്മക ഒട നക്കും അവസരങ്ങ ളൊരുക്കൽ<br><br>ലൈബ്രറിയിൽ | ഹിനിയിൽ പ്രീടെസ്റ്റു നടത്തി । വിശകലനം ചെയ്ന് മികവുകളും പരിമിതികളും കണ്ടെത്തുന്നു. പിയർ ഗ്രൂപ്പിന്റെയും അധ്യാപിക യുടേയും ശ്രമഫലമായി എഴു താനും വായിക്കാനും ശേഷി നേടൽ | ജൂലൈ ആദ്യ ആഴ്ച | ഹിന്ദി അധ്യാപിക, പിയർലസ്സ് ഗ്രൂപ്പ് | അദ്ധ്യാപക കൂട്ടായ്മ |

| | | | | |
|---|---|---|---|---|
| ഹിന്ദി പുസ്തകങ്ങൾ കൂടുതൽ ഉൾപ്പെടുത്തൽ<br><br>രാഷ്ട്ര ഭാഷയോടുള്ള താല്പര്യം വർദ്ധിപ്പിക്കൽ<br><br>\| | വിവിധ രചനാ മത്സരങ്ങൾ സംഘടിപ്പിക്കൽ ഉൽപ്പന്നങ്ങൾ പതിപ്പാക്കൽ<br><br>ഹിന്ദി പുസ്തകങ്ങൾ ശേഖരി ക്കൽ. മരങ്ങൾക്ക് ഹിന്ദി നാമകരണം | ഒരുവർഷം | ഹിന്ദി അധ്യാപിക<br><br>കുട്ടികൾ ഹിന്ദി അധ്യാപിക | ആർ.എം.എസ് എ.എസ്.എസ് എ ഗ്രാൻ്റുകൾ അഭ്യുദയകാം ക്ഷികൾ<br><br>അഭ്യുദയകാം ക്ഷികൾ<br><br>കുട്ടികൾ അധ്യാപകർ |

## അടിസ്ഥാന ശാസ്ത്രം (എച്ച് എസ്)

### നിലവിലുള്ള അവസ്ഥ

ക്ലാസ് മുറികളുടെ അഭാവം

.കുട്ടികളുടെ എണ്ണക്കുറവ് കാരണം ശാസ്ത്ര ക്ലാസുകൾ ശരിയായ രീതിയിൽ നടത്താൻ കഴിയു ന്നില്ല. ഗ്രൂപ്പ് പ്രവർത്തനങ്ങൾ സംഘ പ്രോജക്ടുകൾ തുടങ്ങിയവ ശരിയായി നടക്കുന്നില്ല.

യുപി എച്ച് എസ് വിഭാഗങ്ങൾക്ക് ഒരു സയൻസ് ലാബ് ഉണ്ട്. ധാരാളം ഉപകരണങ്ങളും മോഡ ലുകളും രാസവസ്തുക്കളും തിങ്ങി നിറഞ്ഞിരിക്കുന്നതുകൊണ്ട് ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം എന്നിങ്ങനെ ലാബ് ഉപകരണങ്ങൾ തരം തിരിച്ച് വയ്ക്കാനും കഴിയുന്നില്ല. അതു കൊണ്ട് ലാബിൽ കുട്ടികളെ പ്രവേശിപ്പിക്കാനും കഴിയുന്നില്ല.

കുട്ടികളുടെ വായനാശീലത്തിന്റെ കുറവ് ശാസ്ത്രപഠനത്തിന് തടസ്സം സൃഷ്ടിക്കുന്നു.

പുസ്തകങ്ങൾ, ആനുകാലികങ്ങൾ തുടങ്ങിയവ വായിക്കുകയോ, ശാസ്ത്രീയ മനോഭാവം രൂപപ്പെ ടുത്തുകയോ ചെയ്യുന്നില്ല.

ശാസ്ത്ര ദിനാചരണങ്ങൾ നടത്താറുണ്ട്.

സയൻസ്സ് ക്ലബിന്റെ നേതൃത്വത്തിൽ മാസം തോറും ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്.

സ്മാർട്ട് ക്ലാസ്സ് മുറികളുടെ അഭാവം കാരണം ശാസ്ത്രക്ലാസുകളിൽ ആശയങ്ങൾ ശരിയായി വിനിമയം ചെയ്യാൻ സാധിക്കുന്നില്ല.

**പരിഹാര മാർഗ്ഗങ്ങൾ**

നിലവിലുള്ള സമ്പ്രദായങ്ങളും പഠനാന്തരീക്ഷവും പരിഷ്കരണത്തിന് വിധേയമാക്കണം.

പാഠ്യപ്രവർത്തനങ്ങൾ ശരിയായ രീതിയിൽ വിനിമയം ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.

കുട്ടികളുടെ നോട്ടു ബുക്കുകൾ, പരീക്ഷണക്കുറിപ്പുകൾ, പ്രോജക്ടുകൾ തുടങ്ങിയവ നിരന്തര മായി വിലയിരുത്തുകയും പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ അധികപ്രവർത്തനങ്ങൾ നൽകുകയും വേണം

സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ അഭാവം കാരണം ശാസ്ത്ര ക്ലാസുകളിൽ ആശയങ്ങൾ ശരിയായി വിനിമയം ചെയ്യാൻ സാധിക്കുന്നില്ല.

കുട്ടികളുടെ നോട്ടു ബുക്കുകൾ, പരീക്ഷണ കുറിപ്പുകൾ, പ്രോജക്ടുകൾ തുടങ്ങിയവ നിരന്തര മായി വിലയിരുത്തുകയും പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ അധിക പ്രവർത്തന ങ്ങൾ നൽകുകയും വേണം.

ശാസ്ത്രോത്സവം, ശാസ്ത്ര മത്സര പരീക്ഷകൾ തുടങ്ങിയവയിൽ കുട്ടികളെ പങ്കെടുപ്പിക്കുക.

ശാസ്ത്ര പഠനം ലക്ഷ്യമാക്കിക്കൊണ്ട് നടത്താൻഉദ്ദേശിക്കുന്ന  പദ്ധതികൾ

വിശാലമായ സയൻസ്സ് ലാബ്

ശാസ്ത്ര പരീക്ഷണങ്ങൾ, മോഡ്യൂളുകൾ, പ്രോജക്ടുകൾ, തുടങ്ങിയവ ഉൾപ്പെടുത്തി വർഷത്തി ലൊരിക്കൽ ശാസ്ത്ര പ്രദർശനം സംഘടിപ്പിക്കൽ, സമൂഹപങ്കാളിത്തം ഉറപ്പു വരുത്തുന്നതി നായി മണ്ണും പരിശോധന, കിണർ, വെള്ളത്തിന്റെ ശുദ്ധി പരിശോധന തുടങ്ങിയവ ഉൾപ്പെടുത്ത വുന്നതാണ്.

ലൈബ്രറിയിലെ ശാസ്ത്ര പുസ്തകങ്ങൾ കുട്ടികൾ വായിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക

ശാസ്ത്ര രംഗത്തെ പ്രഗത്ഭർ, യുവശാസത്രജ്ഞർ, എന്നിവരുമായുള്ള അഭിമുഖങ്ങൾ സംഘടി ക്കുക. (പരിസ്ഥിതി പ്രവർത്തകർ, കൃഷിഓഫീസർമാർ, ഡോക്ടർമാർ പരിപാടികളിൽ നാട്ടുകാരുടെപങ്കാളിത്തം ഉറപ്പു വരുത്തുക.

ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പച്ചക്കറിത്തോട്ടം ശേഷം ത്തോട്ടം തുടങ്ങിയവയുടെ നിർമ്മാണം.

പഠന നേട്ടങ്ങളുമായി ബന്ധപ്പെട്ട പ്രാധാന്യമുള്ള സ്ഥലങ്ങളുടെ സി പി ഴ്സറികൾ, കൃഷിഭവനുകൾ, വ്യവസായശാലകൾ, വനം, കഥപ

പഠനയാത്രകൾ സംഘടിപ്പിക്കുക.

ശാസ്ത്രോത്സവം, ശാസ്ത്രമത്സര പരീക്ഷകൾ തുടങ്ങിയവയിൽ പരിശീലനം നൽകി കുട്ടികളെ പങ്കെടുപ്പിക്കൽ

എല്ലാ ക്ലാസ് മുറികളിലും Laptop, Projector ഉൾപ്പെടുത്തൽ

മാസം തോറുമുള്ള ശാസ്ത്ര ക്വിസ് മത്സരങ്ങൾ
ശാസ്ത്ര രംഗത്തെ പുതിയ അറിവുകൾ ഉൾപ്പെടുത്തി വാർത്താബോർഡുകൾ സ്ഥാപിക്കുക.

സയൻസ് ക്ലബിന്റെ നേതൃത്വത്തിൽ ശാസ്ത്ര കൈയ്യെഴുത്തു മാസിക.

വിദഗ്ധരുമായി സംവദിക്കുന്നതിനായി വിശാലമായ ഹൈടെക് ഓഡിറ്റോറിയം

വാന നിരീക്ഷണത്തിനുള്ള സ്ഥിരം സംവിധാനങ്ങൾ.

കൂടുതൽ മെച്ചപ്പെട്ട സാഹചര്യങ്ങൾ ഉണ്ടായാൽ ശാസ്ത്രപഠനം നിലവ ഫലപ്രദവും രസകരവുമായി മാറ്റാം. കുട്ടികളുടെ ശാസ്ത്രീയ അഭിരുചി വളർത്തി പാഠപുസ്തകത്തിനപ്പുറം ശാസ്ത്രത്തിന്റെ വിശാലമായ ലോകത്തേക്ക് കുട്ടികളെ കൈപിടിച്ച് നയിക്കാൻ പര്യാപ്തമായ സ്കൂൾ അന്തരീക്ഷമാണ് ഞങ്ങളുടെ ലക്ഷ്യം.
ഗണിതശേഷി വികസനം (എച്ച് എസ്സ്)

നിലവിലുള്ള അവസ്ഥകളും പരിഹാരമാർഗ്ഗങ്ങളും

നിലവിലുള്ള പ്രവർത്തനങ്ങളായ നവപ്രഭ,ശ്രദ്ധഎന്നിവ നടത്തുന്നുണ്ടെങ്കിലും കൂടുതൽ ഫലപ്രദമായി കുട്ടികളിലെത്തിക്കാൻ സാധിക്കുന്നില്ല.
കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി വൈകുന്നേരങ്ങളിലും രാവിലെയും അധിക സമയം കണ്ടെത്തി ക്ലാസ്സുകൾ എടുക്കുന്നുണ്ട്. ശാസ്ത്രമേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നുണ്ട്. ഫണ്ടിന്റെ അഭാവം ഒരു പ്രശ്നമാണ് നല്ല ഗണിത ലാബിന്റെ അഭാവം കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനെ സാരമായി ബാധിക്കുന്നു. കുട്ടികളുടെ താൽപര്യക്കുറവും രക്ഷിതാക്കളും ഗണിത പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു. പഠനബോധന സാമഗ്രികളുടെ നിർമ്മാണവും ഉപയോഗവും കുട്ടികളുടെ പങ്കാളിത്തത്തോടുകൂടി നടത്തി പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാം.

ഉള്ളടക്കത്തിന്റെ ബാഹുല്യം വേണ്ടവിധത്തിൽ ക്ലാസ് റൂം പ്രവർത്തനം നടത്തുന്നതിനെ ബാധിക്കുന്നു.പിയർഗ്രൂപ്പുകൾ ഉപയോഗിച്ച് ഈ പ്രശ്നം പരിഹരിക്കാം.

ഗണിത ശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ അസംബ്ലിയിൽ ഓരോ ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തുവാനുള്ള അവസരം ഉണ്ടാക്കുന്നു. ഗണിത ശാസ്ത്ര ക്വിസ് , മാഗസിൻ തയ്യാറാക്കൽ, വർക്ക്ഷീറ്റുകളുടെ ഉപയോഗം ,ഗണിതവുമായി ബന്ധപ്പെട്ട ലൈബ്രറിപുസ്തകങ്ങളുടെ വായന തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഗണിത പഠനം ലളിതവും, ആസ്വാദ്യകരവും ആക്കാം.

ഗണിത അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി നമ്മുടെ സമീപ പ്രദേശങ്ങളിൽ ഗണിതത്തിൽവൈദഗ്ദ്ധ്യമുള്ള മഹത് വ്യക്തികളുമായി സംവദിക്കുവാനുള്ള അവസരം ഉണ്ടാക്കുന്നു. ഗണിതദിനാചരണങ്ങൾ നടത്തി കുട്ടികളുടെ മികവ് തെളിയിക്കുവാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു. ഐസിടിയുമായി ബന്ധപ്പെട്ട് ഗണിത പ്രവർത്തനങ്ങൾ കൂടുതൽ എളുപ്പമാക്കുന്നു.

മികച്ച ഗണിതപഠനം ലക്ഷ്യമാക്കിക്കൊണ്ട് നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

ഗണിത ലാബ് സജ്ജീകരിക്കൽ

സ്‌കൂൾ തലത്തിൽ ഗണിതശാസ്ത്രമേളകൾ സംഘടിപ്പിക്കൽ

. ഗണിത പ്രതിഭകളുമായി കുട്ടികൾക്ക് സംവദിക്കുവാനുള്ള അവസരം ഉണ്ടാക്കൽ

പണവിനിമയത്തെക്കുറിച്ചു പഠിക്കുന്നതിനായുള്ള സ്ഥാപനങ്ങൾ സന്ദർശിക്കൽ

ഗണിത പഠനത്തിന് നിലവിലുള്ള സാഹചര്യങ്ങൾ പരിമിതമാണ്. മെച്ചമായ സാഹചര്യങ്ങൾ ഒരുക്കി ഗണിതപഠനം ആസ്വാദ്യകരമാക്കുകയും ഗണിത പ്രതിഭകളെ വാർത്തെടുക്കുകയും സമൂഹത്തിലെ ഉന്നതശ്രേണികളിൽ ഈ വിദ്യാലയത്തിൻ്റെ ഗണിത പ്രതിഭകളെ എത്തിക്കുകയുമാണ് ഞങ്ങളുടെ ലക്ഷ്യം.

## ഐ. ടി. പരിശീലന പരിപാടി

ആധുനിക കാലം വിവരവിനിമയ സാങ്കേതിക വിദ്യയുടെ കാലമാണ്. സ്‌കൂൾ തലത്തിൽ തന്നെ ലോകത്തെ അറിയാനും പഠനം കൂടുതൽ രസകരവും കാര്യക്ഷമവുമാക്കാനും ഐ ടി അധിഷ്ഠിത വിദ്യാഭ്യാസം മെച്ചപ്പെടണം .ഇന്ന് അറിവിന്റെ ലോകം പുസ്തകം മാത്രമല്ല വിശാലമായ ലോകത്തെ അറിയാൻ ഐ. ടി അധിഷ്ഠിത വിദ്യാഭ്യാസം സഹായിക്കുന്നു. പ്രവർത്തിച്ചു പഠിക്കുന്നതിനുള്ള അവസരം ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസം ഒരുക്കുന്നു.

**അവസ്ഥാ വിശകലനം പ്രശ്നങ്ങൾ .**

സ്‌കൂളിൽ കുട്ടികൾ പരിമിതമായതിനാൽ അവർക്ക് ഉപയോഗിക്കാൻ ലാപ്‌ടോപ്പ് കമ്പ്യൂട്ടറുകൾ ഉണ്ട്.

മൾട്ടി മീഡിയ സ്മാർട്ട് മുറികൾ ഒന്നുപോലും സ്‌കൂളിൽ ഇല്ല,

ഹൈടെക് ക്ലാസ് മുറികൾപരിമിതമാണ്. സ്മാർട്ട് ബോർഡുകൾ ഇല്ല

ഇന്റർനെറ്റ് സൗകര്യം പരിമിതമാണ്.

ഡിജിറ്റൽ ലൈബ്രറി ഇല്ല.

**പരിഹാര മാർഗ്ഗങ്ങൾ**

തദ്ദേശ സ്വയം ഭരണ സ്ഥാപനം, എസ്. എസ്. എ, ആർ.എം. എസ്. എ മറ്റു സന്നദ്ധർ സഹായത്തോടെ പൊതുവായ സ്മാർട്ട് ക്ലാസ് റൂം തയ്യാറാക്കൽ കഴിയും.

സമഗ്രപോർട്ടലിലൂടെ ലഭ്യമാകുന്ന വിവരങ്ങളും അദ്ധ്യാപക കൂട്ടായ്മയിൽ നിന്നു വിഭവങ്ങളും ശേഖരണങ്ങളും വിവര സാങ്കേതിക വിദ്യയുടെ പഠനം മെച്ചപ്പെടുത്ത

## കലാ-സംസ്കാരികം

കല-സാംസ്കാരിക പ്രശ്നങ്ങൾ

എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും ഉള്ള

അവസരം ലഭിക്കുന്നില്ല.

പാഠ്യപദ്ധതി നിർദേശിച്ച പഠന അനുഭവങ്ങൾ നൽകാനുള്ള അധ്യാപകർ, ഭൗതിക സൗകര്യം എന്നിവ ഇല്ല

കുട്ടികൾക്കും അധ്യാപകർക്കും അവരുടെ സർഗ്ഗശേഷി പ്രകടിപ്പിക്കുന്നതിന് അവസരമില്ല

വിദ്യാലയ പ്രവർത്തനങ്ങൾ കൃത്യമായി ലേഖനം ചെയ്യുന്നതിനും അവ മാധ്യമങ്ങളിലൂടെയും മറ്റും പൊതുജനങ്ങളെ അറിയുന്നതിനുള്ള സാഹചര്യങ്ങൾ ഇല്ല

സാമൂഹികം

കലാസാംസ്കാരിക പ്രവർത്തനങ്ങൾ. സ്ക്കൂളിലെ മറ്റു പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുന്നത് വിവിധ സാമൂഹിക കമ്മറ്റികളുടെ രൂപികരണവും പ്രവർത്തനവും ഇനിയും മെച്ചപ്പെടുത്താനുണ്ട്.

ഭൗതികം

കലാസാംസ്കാരിക പ്രവർത്തനങ്ങള് ഫലപ്രദമായി സംഘടിപ്പിക്കുന്നതിന് ഭൗതിക സൗകര്യക്കുറവ്

**ഭക്ഷണം ,ശുചിത്വം,ആരോഗ്യം**

| പ്രശ്നങ്ങൾ | കാരണങ്ങൾ | പരിഹാരം | ചെലവ് | ഏജൻസി |
|---|---|---|---|---|
| ഹൈടക്ക് അടുക്കള,ഭോജനശാല ഇവയുടെ അപര്യാപ്തത | ആധുനിക സംവിധാനമുള്ള അടുക്കളോഭോജനശാലയോ ഇല്ല | പുതിയകെട്ടിടം സ്ഥാപിക്കുക | 5000000 | എസ് എസ് കെ,തദ്ദേശസ്വയംഭരണസ്ഥാപനം |
| പ്രഭാത ഭക്ഷണം കഴിക്കാതെ വരുന്ന കുട്ടികൾ | വീട്ടിൽ നിന്ന് നേരത്തെ ഇറങ്ങേണ്ടി വരുന്നു.<br><br>അമിതവണ്ണം ഉണ്ടാക്കുമെന്ന ധാരണ<br><br>രക്ഷിതാക്കൾ നേരത്തെ ജോലിക്കുപോകുന്നതിനാ ശ്രദ്ധിക്കുവാൻ | ഭക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിദ്യാർഥികളെയുംരക്ഷിതാക്കളെയും ബോധവൽക്കരിക്കുക<br><br>സ്ക്കൂളിൽ പ്രഭാത ഭക്ഷണപദ്ധതി | 100000 | തദ്ദേശ സ്വയംഭരണ സ്ഥാപനം, പിടി എ |

| | | | | |
|---|---|---|---|---|
| | പറ്റുന്നില്ല<br><br>സാമ്പത്തികമായ പിന്നോക്കാവസ്ഥ | ആരംഭിക്കുക | | |

## സോഷ്യൽ സയൻസ് (എച്ച് എസ്)

ഉന്നത വിദ്യാഭ്യാസത്തിന് ആധികംപേരുംതിരഞ്ഞെടുക്കാൻ ഇഷ്ടപ്പെടാത്ത വിഷയമാണ് സാമൂഹ്യ ശാസ്ത്രം.പഠനപ്രവർത്തനങ്ങൾ കൂടുതൽ രസകരമാക്കുകയും സമൂഹത്തിൽ ഇടപ്പെട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയും ഒരു പരിധിവരെ അതിനൊരു പരിഹാരമുണ്ടാക്കാവുന്നതാണ്. എന്നാൽ പഠനം ഫലപ്രദമാക്കുന്നതിന് പരിമിതമായ സൗകര്യങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്.

**പ്രശ്നങ്ങളും ലഭ്യമായ അവസരങ്ങളും**

ഓരോ ക്ലാസിലേയും ടീച്ചേഴ്സ് ഹാൻഡ്ബുക്കുകളിൽ അധികവായനക്കായി പരാമർശിക്കുന്ന പുസ്തകങ്ങളുടെ ക്ലാസ് തിരിച്ചുള്ള ശേഖരത്തിന്റെ അഭാവം കുട്ടികൾക്ക് പഠനാനുബന്ധമായ അധിക വിവരശേഖരണത്തിന് തടസ്സം നിൽക്കുന്നു.

പഠനപ്രവർത്തനങ്ങൾക്കുവേണ്ട ചാർട്ടുകൾ, മറ്റ് പഠനോപകരണങ്ങൾ ഇവ തയ്യാറാക്കുന്നതിനുള്ള സൗകര്യങ്ങൾ കുറവാണ്.
ഉള്ളടക്കത്തിന്റെ ബാഹുല്യം നിമിത്തം അക്കാദമിക വർഷത്തിൽ ലഭ്യമായ പരിമിതമായ സമ യത്ത് പാഠഭാഗങ്ങൾ വേണ്ട രീതിയിൽ വിനിമയം ചെയ്യാൻ കഴിയുന്നില്ല.

അക്കാദമികേതര പ്രവർത്തനങ്ങളുടെ ബാഹുല്യവും പഠനപ്രക്രീയ ഫലപ്രദമാക്കുന്നതിന് തടസ്സം നിൽക്കുന്നു.

സാമൂഹിക പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും പ്രാദേശികമായ പ്രശ്നങ്ങളിൽ ഇടപെടുന്നതിനു മുള്ള സമയവും സൗകര്യവും ലഭിക്കുന്നില്ല.

വായനയോടുള്ള കുട്ടികളുടെ താല്പര്യക്കുറവ് സാമൂഹ്യശാസ്ത്ര പഠനത്തിന് ഏറ്റവും അധികം തടസ്സം നിൽക്കുന്നു.

താഴ്ന്ന് ക്ലാസുകളിൽ നിന്ന് നേടേണ്ട അടിസ്ഥാന അറിവുകൾ ആർജ്ജിക്കാത്തത് തുടർ പഠന ത്തിന് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു

കുട്ടികളുടെ സാമൂഹികവും സാമ്പത്തികവും കുടുംബ പരവുമായ പിന്നോക്കാവസ്ഥ മറ്റു വിഷയ ങ്ങളുടെ പഠനത്തെപ്പോലെ സാമൂഹ്യശാസ്ത്ര പഠനത്തിനും പ്രയോജനം ഉണ്ടാകുന്നു.

പ്രവർത്തന പദ്ധതികൾ

അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 ഭൂമി ശാസ്ത്രിത്രം മറ്റ് അനു ബന്ധ സാമൂഹ്യ വിഷയങ്ങൾ എന്നിവയുടെ പഠനം കൂടുതൽ രസകരവും കാര്യക്ഷമവു മാക്കുക | പഠനപ്രവർത്തന ങ്ങൾക്കാവശ്യ മായ രൂപടങ്ങൾ ഡിജിറ്റൽ വിര വങ്ങൾ. ചാർട്ടുകൾ മറ്റ് ഉപകരണങ്ങൾ എന്നിവയുടെ ശേഖരണം | ഒരുവർഷം | കുട്ടികൾ, അധ്യാപിക | അദ്ധ്യാപക കൂട്ടായ്മ |
| അധിക വായനയി ലൂടെ സാമൂഹ്യവിഷയങ്ങളി ൽ അറിവ് വർദ്ധിപ്പിക്കുന്നതിന് പഠനത്തിൽ താല്പര്യം വർദ്ധിപ്പിക്കുന്നതിന് | ഓരോ ക്ലാസിലും വിഷയപാന ത്തിന്റെ അധിക വായനയ്ക്ക് വേണ്ട പുസ്തകങ്ങൾ ശേഖരിച്ച് ക്ലാസ്സ് റൂം ലൈബ്രറി ക്രമീകരിക്കുന്നു | ഒരുവർഷം | കുട്ടികൾ, അധ്യാപിക | അദ്ധ്യാപക കൂട്ടായ്മ പിറ്റിഎ |